(ബി) നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഏഴ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ ആവശ്യമായ മറുപടി 3.5.1999-ൽ പി.എസ്. സി.ക്ക് നൽകിയിട്ടുണ്ട്.

142 (768) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് സർവ്വീസിലും മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട് മെന്റിലുമായി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പി.എസ്.സി. ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 20-ഉം ആരോഗ്യവകുപ്പിൽ 22-ഉം തസ്തികകൾ ഇപ്പോൾ ഒഴിവുണ്ട്.

(ബി) ഉണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ടി തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് 26.5.98-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആരോഗ്യവകുപ്പിലെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 29.12.98 ലെ ഗസറ്റ് വിജ്ഞാപന പ്രകാരവും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

143 (769) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ എൽ.എം.വി. ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ എൽ.എം.വി. ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ വകുപ്പിൽ എംപ്ലോയ്മെന്റ്, താൽക്കാലിക, ദിവസക്കൂലി ഇനത്തിൽ എത്രപേർ ജോലി ചെയ്തുവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ ഇത്തരക്കാരെ നിയമിച്ചതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പാഠശാല മുതൽ കാസർഗോഡുവരെയുള്ള വിവിധ ആശുപത്രികളിലായി ജോലി ചെയ്തുവരുന്ന താൽക്കാലിക, ദിവസക്കൂലി, എംപ്ലോയ്മെന്റ് ജീവനക്കാരുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ എൽ.എം.വി. ഡ്രൈവർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഒന്നും ഇല്ല.

(ബി) ആരോഗ്യവകുപ്പിൽ ആകെ 83 പേർ എംപ്ലോയ്മെന്റ്, താൽക്കാലിക, ദിവസക്കൂലി ഇനത്തിൽ ജോലി ചെയ്തുവരുന്നു.

(സി) കേന്ദ്രസർക്കാർ ഓരോ സ്കീമിലേയ്ക്കായി വാഹനങ്ങൾ അനുവദിക്കുകയും സംസ്ഥാന സർക്കാർ ഡ്രൈവർമാരുടെ തസ്തികകൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പല ആശുപത്രികളിലും ആമ്പുലൻസ് തുടങ്ങിയ സർവ്വീസിനുവേണ്ടി താൽക്കാലിക ജീവനക്കാരെ നിയമിക്കാറുണ്ട്. സർക്കാർ തസ്തിക അനുവദിച്ചിട്ടുള്ള എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

144 (770) **ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ്**

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു; ജാതിതിരിച്ചും റാങ്ക് തിരിച്ചുമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത്;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിച്ച ഉദ്യോഗാർത്ഥികൾ ഈ തസ്തികയിൽ തുടരുന്നുണ്ടോ; എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിച്ച താൽക്കാലിക ജീവനക്കാരെ തുടരാൻ അനുവദിക്കാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിലുള്ള ഒഴിവുകളിൽ അടിയന്തിരമായ നിയമനം നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly